# പതിനഞ്ചാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.6** — **27-06-2022-ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് എയിംസ് സ്ഥാപിക്കാനുള്ള നടപടികൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. മുരളി പെരുനെല്ലി**<br>**ശ്രീ . കെ .ഡി .പ്രസേനൻ**<br>**ശ്രീ. എച്ച്. സലാം**<br>**ഡോ സുജിത് വിജയൻപിള്ള** | **ശ്രീമതി. വീണാ ജോർജ്**<br>**(ആരോഗ്യ-വനിത-ശിശുവികസന വകുപ്പമന്ത്രി)** |
| (എ) ലോകോത്തര നിലവാരത്തിലുള്ള അതിവിദഗ്ധ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി സംസ്ഥാനത്ത് എയിംസ് സ്ഥാപിക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (AIIMS) കേരളത്തിന് അനുവദിക്കണമെന്നുള്ളത് സംസ്ഥാനത്തിന്റെ ദീർഘ കാല ആവശ്യങ്ങളിലൊന്നാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതേ ആവശ്യം ഉന്നയിച്ചുകൊണ്ട് നിരവധി തവണ കേന്ദ്ര സർക്കാരിനെ സമീപിക്കുകയുണ്ടായി. എന്നാൽ എല്ലാ സംസ്ഥാനങ്ങളിലും എയിംസ് മാതൃകയിൽ ഇൻസ്റ്റിട്യൂഷനുകൾ ഘട്ടം ഘട്ടമായി അനുവദിക്കുമെന്ന് കേന്ദ്രസർക്കാർ തീരുമാനിച്ചിട്ടുണ്ടെങ്കിലും കേരളത്തിന് ആയത് ഇതുവരെ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. മുൻവർഷങ്ങളിലെ കേന്ദ്ര ബഡ്ജറ്റുകളിലായി ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര, ഗുജറാത്ത് , ഉത്തർപ്രദേശ് , തമിഴ് നാട് എന്നിങ്ങനെ 13 -ഓളം സംസ്ഥാനങ്ങൾക്ക് പുതുതായി AIIMS അനുവദിച്ചിട്ടുണ്ട്. കേരളത്തിൽ AIIMS സ്ഥാപിക്കുന്നതിനായി കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ KSIDC(Kerala State Industrial Development Corporation)-യുടെ പക്കലുള്ള 200 ഏക്കർ സ്ഥലത്ത് ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (AIIMS) സ്ഥാപിക്കുവാൻ അനുയോജ്യമാണെന്ന് ജനുവരി 2017-ൽ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുള്ളതുമാണ്.എന്നാൽ |

ഇക്കാര്യത്തിൽ കേരളത്തിന്റെ ആവശ്യം ഇതേവരെ പരിഗണിക്കപ്പെട്ടിട്ടില്ല. എങ്കിലും ഇക്കാര്യം ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന ഗവൺമെന്റിന് സാധ്യമായ രീതിയിലെല്ലാം നിരന്തരം ആവശ്യമുയർത്തിക്കൊണ്ടിരിക്കുകയാണ്.

ബഹു.പ്രധാനമന്ത്രിയുമായി 2021 ജൂലൈ മാസത്തിൽ ഡൽഹിയിൽ വച്ചുള്ള കൂടികാഴ്ചയിലും ആഗസ്റ്റ് മാസത്തിൽ കേന്ദ്ര ആരോഗ്യ മന്ത്രി കേരളം സന്ദർശിച്ചപ്പോഴും സംസ്ഥാനത്തിന്റെ ഈ ആവശ്യം അവതരിപ്പിച്ചിട്ടുണ്ട്.കൂടാതെ കേന്ദ്ര ആരോഗ്യ മന്ത്രിയ്ക്ക് അയച്ച കത്തിൽ AIIMS തുടങ്ങുന്നതിനാവശ്യമായ 200 ഏക്കർ സ്ഥലം കോഴിക്കോട് ജില്ലയിൽ കിനാലൂരിൽ ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുമുണ്ട്.22.09.2021 തീയതിയിൽ ബഹു. മുഖ്യമന്ത്രി ബഹുമാനപ്പെട്ട കേന്ദ്ര ആരോഗ്യ വകുപ്പ് മന്ത്രിയ്ക്ക് അയച്ച അർദ്ധ ഔദ്യോഗിക കത്തിൽ AIIMS നുള്ള അനുമതിയുണ്ടാകണമെന്ന് അഭ്യർത്ഥിച്ചിരുന്നു.

AIIMS സ്ഥാപിക്കുന്നതിലേക്കായി KSIDC-യുടെ പക്കലുള്ള സ്ഥലം ആരോഗ്യ വകുപ്പിന് കൈമാറാനുള്ള നിർദേശം റവന്യൂ/വ്യവസായ വകുപ്പുകൾക്ക് നൽകുകയും ഇതിലേക്കായുള്ള നടപടികൾ ത്വരിതഗതിയിൽ സർക്കാർ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്.കിനാലൂർ-കാന്തലാട് വില്ലേജിൽ ഉൾപ്പെട്ട 40.6802 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനായി കോഴിക്കോട് കളക്ടറെ ചുമതലപ്പെടുത്തി 08/02/2022-ൽ സ.ഉ(സാധാ) നം. 565/2022/RD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.ഇത് കൂടാതെ 18/05/2022-ലെ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അർദ്ധ ഔദ്യോഗിക കത്തിലൂടെ കിനാലൂരിലെ നിർദിഷ്ട ഭൂമിയുടെ സാധ്യതാ പഠനത്തിനായി ഒരു ടീമിനെ നിയോഗിക്കാൻ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറിയോട് അഭ്യർത്ഥിച്ചിട്ടുമുണ്ട്.

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തിന് എയിംസ് അനുവദിക്കുന്നതിന് ഡിഎംഇയുടെ കൈവശമുള്ള ഭൂമി അനിവാര്യമായതിനാൽ നിർദിഷ്ട ഭൂമി ആരോഗ്യ വകുപ്പിലേക്ക് അടിയന്തരമായി കൈമാറുന്നതിന് വേണ്ടിയുള്ള നടപടികൾ ത്വരിത ഗതിയിൽ നടന്നു വരുന്നു. |
| (ബി) | സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളുടെ അടിസ്ഥാന സൗകര്യം വികസിപ്പിച്ച് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി കിഫ്ബി ഫണ്ടുൾപ്പെടെ ഉപയോഗിച്ച് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (ബി) | അനുബന്ധമായി ചേർക്കുന്നു. |
| (സി) | മെഡിക്കൽ കോളേജ് ഇല്ലാത്ത ജില്ലകളിലെ ജില്ലാ ആശുപത്രിയെ മെഡിക്കൽ കോളേജായി ഉയർത്തുന്ന കേന്ദ്ര സർക്കാർ പദ്ധതിയിൽ വയനാട്ടിൽ മെഡിക്കൽ കോളേജ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ നിലപാട് അറിവായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | മെഡിക്കൽ കോളേജ് നിലവിലില്ലാത്ത ജില്ലകളിൽ മെഡിക്കൽ കോളേജ് അനുവദിക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ പദ്ധതിയുടെ അടിസ്ഥാനത്തിൽ വയനാട് ജില്ലയിൽ മെഡിക്കൽ കോളേജ് അനുവദിക്കുന്നതിനായി കേന്ദ്ര സർക്കാരിന് ശിപാർശ സമർപ്പിച്ചിരുന്നു.എന്നാൽ വയനാട് ജില്ലയിൽ ഒരു സ്വകാര്യ മെഡിക്കൽ കോളേജ് നിലവിലുള്ളതിനാൽ മേൽ പദ്ധതിയിൻ കീഴിൽ പുതിയ മെഡിക്കൽ കോളേജ് അനുവദിക്കുവാൻ കഴിയില്ലെന്ന് 01/11/2021-ലെ U.14017/109/2021-ME-II നമ്പർ കത്ത് മുഖാന്തിരം കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## സർക്കാർ മെഡിക്കൽ കോളേജ്,തിരുവനന്തപുരം

1. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കിഫ്ബി വഴി 1-ാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 58.37 കോടി രൂപയുടെ സാമ്പത്തിക അനുമതി ലഭിച്ചു.
    1. ഈ ഘട്ടത്തിൽ ഉൾപ്പെട്ട മേൽപ്പാലത്തിന്റെയും, റോഡിന്റെയും നിർമ്മാണം പൂർത്തീകരിച്ചു.
    2. മൾട്ടി ലെവൽ കാർ പാർക്കിംഗ് പദ്ധതിയുടെ നിർമ്മാണത്തിന്റെ പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.
    3. ടെണ്ടർ നല്കി കഴിഞ്ഞ പദ്ധതി, അടുത്ത ആറ് മാസത്തിനുള്ളിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.
    4. 2.18 കോടിയുടെ വൈദ്യുതീകരണ പ്രവൃത്തികൾ റോഡ് നിർമ്മാണത്തോടൊപ്പം നടന്നു വരുന്നു.
2. കിഫ്ബി പദ്ധതിയുടെ **രണ്ടാം ഘട്ടമായ** പുതിയ എം എൽ റ്റി ബ്ലോക്ക്, ഓപ്പറേഷൻ തീയേറ്റർ കം സർജിക്കൽ ബ്ലോക്ക്, എസ് എ റ്റി ആശുപത്രിയിൽ പുതിയ പീഡിയാട്രിക് ബ്ലോക്ക് എന്നിവയുടെ നിർമ്മാണത്തിന് **194.329 കോടി രൂപയുടെ** ഫിനാൻഷ്യൽ സാൻഷൻ ലഭിക്കുകയും തുടർനടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.
3. **58 കോടിയുടെ മൂന്നാം ഘട്ടം** കിഫ്ബിയുടെ അംഗീകാരത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു .
4. നാലാം ഘട്ടത്തിലുള്ള പുതിയ ഹോസ്റ്റൽ ബ്ലോക്കിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.
5. **സമ്പൂർണ്ണ ട്രോമാ കെയർ സംവിധാനത്തിന്റെ** ഭാഗമായി തിരുവനന്തപുരം **സർക്കാർ** മെഡിക്കൽ കോളേജിന് 10.27 കോടി രൂപയുടെ കോമ്പ്രിഹെൻസീവ് ഭരണാനുമതി നൽകുകയും
    1. ആദ്യ ഘട്ടമായി 7.5 കോടി രൂപ അനുവദിക്കുകയും,
    2. രണ്ടാം ഘട്ടമായി 2.77 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.
6. 25,22,00,000/- (ഇരുപത്തിയഞ്ച് കോടി ഇരുപത്തിരണ്ട് ലക്ഷം രൂപ മാത്രം) രൂപ മുതൽ മുടക്കിൽ നിർമ്മിച്ച പോളിട്രോമാ കെട്ടിടത്തിന്റെ (മൾട്ടി സ്പെഷ്യാലിറ്റി) പ്രവർത്തനവും, പഠനനിലവാരവും ഗവേഷണ സൗകര്യങ്ങളും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി പുതിയ മൾട്ടിഡിസിപ്ളിനറി റിസർച്ച് ലബോറട്ടറി, വൈറൽ റിസർച്ച് & ഡയഗ്നോസ്റ്റിക് ലബോറട്ടറി, അനിമൽ ഹൗസ് തുടങ്ങിയവയുടെ പ്രവർത്തനവും ആരംഭിച്ചു.
7. 2.99 കോടി ചിലവഴിച്ച് ജീവനക്കാർക്ക് പുതിയ പാർപ്പിട സമുച്ചയം നിർമ്മിച്ചു
8. 1.70 കോടി ചിലവഴിച്ച് പുതിയ എൻഡോക്രൈനോളജി വാർഡ് നിർമ്മിച്ചു
9. അത്യാധുനിക മോർച്ചറി സംവിധാനം പ്രവർത്തിപ്പിച്ചു.
10. എമർജൻസി മെഡിസിൻ വിഭാഗം ശക്തിപ്പെടുത്തുന്നതിന് വേണ്ടി 106 തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

11. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ മൾട്ടി സ്പെഷ്യാലിറ്റി ബ്ളോക്ക് പ്രവർത്തനക്ഷമാക്കി.
12. ഇ-ഹെൽത്ത് പദ്ധതി പ്രകാരം രോഗികളുടെ സൗകര്യം വർദ്ധിപ്പിക്കാൻ ഒ.പി യിൽ ടോക്കൺ സംവിധാനം ഏർപ്പെടുത്തി.
13. പീഡിയാട്രിക് കാർഡിയോളജി വിഭാഗത്തിൽ കാത്ത് ലാബ് സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു.
14. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ പുനരാരംഭിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ച് ചികിത്സ ആരംഭിച്ചു.
15. കോമ്പ്രിഹെൻസീവ് സ്ട്രോക്ക് സെൻററിനായി Radiological vascular Angiograph System വാങ്ങുന്നതിന് 2021-22 സാമ്പത്തിക വർഷം 5.16 കോടി രൂപ അനുവദിക്കുകയും അതിന്റെ ഇൻസ്റ്റലേഷൻ പൂർത്തീകരിക്കുകയും ചെയ്തു.
16. കിഫ്ബി ഫണ്ടുപയോഗിച്ച് തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ നടപ്പിലാക്കി വരുന്ന മാസ്റ്റർ പ്ലാൻ പദ്ധതികളുടെ ഭാഗമായി അമ്മയും കുഞ്ഞും പ്രതിമയുടെ സമീപത്ത് നിന്നും ഒ .പി ബ്ലോക്കിലേക്ക് ഇറങ്ങുന്നതിനുള്ള എളുപ്പ വഴി-സ്ലിപ് റോഡ് 3 എ യുടെ നിർമ്മാണ ജോലികൾ **ഒരു കോടിയോളം രൂപ** ചെലവാക്കി പൂർത്തീകരിച്ചു.
17. തിരുവനന്തപുരം സർക്കാർ മെഡിക്കൽ ആശുപത്രിയിലെ ഖരമാലിന്യ സംസ്കരണത്തിനായി പുതുതായി 150 കി.ഗ്രാം/ മണിക്കൂർ ശേഷിയുള്ള ഇൻസിനറേറ്റർ സംവിധാനം പണിപൂർത്തിയായി വരുന്നു.
18. കാൻസർ ചികിത്സക്കുപയോഗിക്കുന്ന ആധുനിക സംവിധാനവും , കൃത്യമായ ഡോസിൽ വളരെ സൂക്ഷ്മമായി രോഗിക്ക് റേഡിയേഷൻ നൽകുന്നതിന് വേണ്ടി ലീനിയർ ആക്സിലറേറ്റർ **18 കോടി രൂപ** ചെലവിൽ ഒ. പി കെട്ടിടത്തിന് സമീപത്തായി പുതുതായി നിർമ്മിച്ച കെട്ടിടത്തിൽ പ്രവർത്തന സജ്ജമാകുന്നു.
19. കാൻസർ ചികിത്സക്കുപയോഗിക്കുന്ന മറ്റൊരു ആധുനിക ഉപകരണമായ **ടെലി കൊബാൾട്ട് മെഷീൻ 3.54 കോടിരൂപ** ചെലവിൽ റേഡിയോതെറാപ്പി വിഭാഗത്തിൽ സജ്ജീകരിച്ചു.
20. കാർഡിയോളജി വിഭാഗത്തിൽ ഹൃദയ ധമനികളിൽ അസുഖങ്ങൾ നിർണയിക്കുന്നതിനും ആവശ്യമായ ചികിത്സ നൽകുന്നതിനും **2.25 കോടിരൂപ** ചെലവിൽ പുതിയ കാത്ത് ലാബും അനുബന്ധ സ്റ്റെപ്പ് ഡൌൺ ഐ.സി.യും സജ്ജീകരിച്ചു.
21. ന്യൂറോളജി വിഭാഗത്തിൽ പക്ഷാഘാത രോഗ ചികിത്സക്കായി ആധുനിക സംവിധാനത്തോടെയുള്ള **സ്ട്രോക് ഐ.സി.യു 0.97 കോടി രൂപ** ചെലവിൽ മെഡിക്കൽ കോളേജ് ആശുപത്രിയിൽ സജ്ജീകരിച്ചു
22. മസ്തിഷ്ക രോഗങ്ങളെക്കുറിച്ചും മസ്തിഷ്കസിരാ-ധമനികളുടെ ഘടനയും വിശകലനം ചെയ്തു പഠിക്കുന്നതിനും അതിലൂടെ രോഗികൾക്ക് കൃത്യതയാർന്ന രോഗനിർണ്ണയം സാധ്യമാക്കുന്നതിനും ഉതകുന്ന സിടി ആഞ്ജിയോഗ്രാഫി മെഷീൻ ന്യൂറോളജി വിഭാഗത്തിലെ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ നേതൃത്വത്തിൽ പ്രവർത്തനം ആരംഭിച്ചു വരുന്നു. 5.15 **കോടി രൂപ** ചെലവിൽ സ്ഥാപിച്ചിരിക്കുന്ന പ്രസ്തുത സംവിധാനം അത്യാസന്ന നിലയിൽ എത്തുന്ന രോഗികൾക്ക് അതിവേഗ

രോഗനിർണയത്തിനുതകുമാറ് ക്യാഷ്വാൽറ്റി വിഭാഗത്തിന് സമീപം സജ്ജീകരിച്ചിരിക്കുന്നു.മസ്തിഷ്കത്തിലെ രക്തക്കുഴലുകളിൽ ഉണ്ടാകുന്ന തടസ്സങ്ങൾ ഉൾപ്പെടെ രോഗനിർണ്ണയം നടത്തി ചികിത്സ നല്കുവാനുതകുന്ന ലോകോത്തര സംവിധാനമാണ് ന്യൂറോ കാത്ത് ലാബ്.

23. മെഡിക്കൽ കോളേജ് ആശുപത്രിയിൽ **2.25 കോടി** ചെലവഴിച്ച് പുതുതായി വാർഡ്-27 ആരംഭിച്ചു.

24. ട്രയാജ് സംവിധാനത്തോടെയുള്ള എമർജൻസി മെഡിസിൻ &ട്രോമകെയർ സംവിധാനം നവീകരിച്ച കെട്ടിടത്തിൽ പൂർണതോതിൽ പ്രവർത്തനം ആരംഭിച്ചു
25. ആധുനിക ലബോറട്ടറി, ഐ.സി.യു, എക്സ്-റേ, ഓപ്പറേഷൻ തീയറ്റർ, ഇ.സി.ജി, ഫാർമസി എന്നിവ അതെ നിലയിലും തൊട്ടു താഴത്തെ നിലയിൽ സ്കാനിങ് ഉൾപ്പെടെ സംവിധാനങ്ങളും പ്രവർത്തനം ആരംഭിച്ചു.
26. തിരുവനന്തപുരം എസ്.എ.ടി ആശുപത്രിയിൽ പീഡിയാട്രിക് കാർഡിയോളജി, റീ-പ്രോഡക്ടീവ് മെഡിസിൻ, പീഡിയാട്രിക് നെഫ്രോളജി മുതലായ സ്പെഷ്യാലിറ്റി കോഴ്സുകൾ തുടങ്ങാൻ വേണ്ട തസ്തികകൾ അനുവദിക്കുകയും, ഡിപ്പാർട്ട്മെന്റുകൾ ആരംഭിക്കുകയും ചെയ്തു.
27. തിരുവനതപുരം എസ്.എ.ടി ആശുപത്രിയിൽ **എസ്.എം.എ (Spinal Muscular Atrophy)** ക്ലിനിക് ആരംഭിച്ചു.
28. പീഡിയാട്രിക് കാർഡിയോളജി വിഭാഗത്തിന്റെ കീഴിൽ നൂതന സൗകര്യങ്ങളോടു കൂടിയ കുട്ടികളുടെ ഹൃദയശസ്ത്രക്രിയ വിഭാഗം 17/09/2021ൽ പ്രവർത്തനം ആരംഭിച്ചു.
29. എസ്.എ.റ്റി യുടെ ഗോൾഡൻ ജൂബിലി ബ്ലോക്കിൽ പുതിയ ഹീമോ ഡയാലിസിസ് യൂണിറ്റ് ആരംഭിയ്ക്കുന്നതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിനായി ഡയാലിസിസ് ടെക്നീഷ്യൻ പോസ്റ്റ് അനുവദിച്ചിട്ടുണ്ട്.
30. ECRP- II ൻറെ ഭാഗമായി, എൻ.എച്ച്.എം ന്റെ സഹായത്തോടെ എസ്.എ.റ്റിയുടെ 4ാം വാർഡിൽ 24 ഐ.സി.യു കിടക്കകളും, 8 എച്ച്.ഡി.യു കിടക്കകളും സജ്ജീകരിക്കുന്നതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.
31. വിവിധയിനം ഐ.സി.യുകൾ പ്രവർത്തിക്കുന്ന എസ്.എ.റ്റി ആശുപത്രിക്ക് വേണ്ട ഓക്സിജൻ സപ്ലൈ കൂടുതൽ സജ്ജമാക്കുന്നതിനായി പുതിയതായി 10 KL ലിക്വിഡ് മെഡിക്കൽ ഓക്സിജൻ പ്ലാന്റ് അനുവദിച്ചു
32. ഗൈനക്കോളജി ഡിപ്പാർട്ട്മെന്റിൽ ഫീറ്റൽ മെഡിസിൻ വിഭാഗത്തിൽ 65 ലക്ഷത്തോളം വിലവരുന്ന പുതിയ High - end Ultrasound Machine സ്ഥാപിച്ചു.
33. കുട്ടികളിലെ വൃക്ക രോഗ ചികിത്സക്കായി പുതിയ ഹീമോഡയാലിസിസ് കേന്ദ്രം സ്ഥാപിക്കുകയും അതിലേക്ക് ഒരു ഡയാലിസിസ് ടെക്നീഷ്യന്റെ തസ്തിക സൃഷ്ടിക്കുകയും ചെയ്തു.
34. രോഗികളുടെ സൗകര്യ പ്രദമായ സഞ്ചാരത്തിനായി ഐ.പി വിഭാഗത്തിൽ പുതിയ രണ്ട് ലിഫ്റ്റുകളും അതോടൊപ്പം പഴയ ഉപയോഗ ശൂന്യമായ രണ്ട് ലിഫ്റ്റുകൾ മാറ്റി പുതിയ ലിഫ്റ്റുകൾ സ്ഥാപിക്കുകയും ചെയ്തു.

35. വിവിധ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന ലാബുകളിലെ റിസൾട്ടുകൾ ആശുപത്രി ഡയഗ്നോസ്റ്റിക് കോംപ്ലെക്സിലെ താഴത്തെ നിലയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന 'സംയോജിത ലബോറട്ടറി റിസൾട്ട് കൗണ്ടർ' സജ്ജീകരിച്ച് പ്രവർത്തിച്ചു വരുന്നു. ACR ലാബ്, HDS ലാബ്, RGCB ലാബ്, വിവിധ സർക്കാർ ലാബുകൾ എന്നിവയിലെ എല്ലാ റിസൾട്ടുകളും ഇവിടെ ലഭ്യമാണ്.
36. ദന്തൽ-പാരാമെഡിക്കൽ വിദ്യാർഥിനികൾക്ക് ക്യാംപസിൽ പുതുതായി പണികഴിപ്പിച്ച ഹോസ്റ്റൽ പ്രവർത്തന സജ്ജമായിരിക്കുന്നു. ഈ ഹോസ്റ്റൽ സ്ഥാപിച്ചതിലൂടെ നിലവിലെ ലേഡീസ് ഹോസ്റ്റലിലെ തിരക്ക് വലിയൊരളവ് കുറക്കുവാനും അതുവഴി വിദ്യാർഥിനികൾക്ക് ആശ്വാസം നൽകുവാനും സാധിച്ചിട്ടുണ്ട്.

**<u>സർക്കാർ മെഡിക്കൽ കോളേജ്, കൊല്ലം</u>**

1. ഇ.എസ്.ഐ കോർപ്പറേഷനും കേരള ഗവൺമെന്റും തമ്മിലുണ്ടാക്കിയ ധാരണാ പത്രത്തിന്റെ അടിസ്ഥാനത്തിൽ പാരിപ്പള്ളി ഇ.എസ്.ഐ മെഡിക്കൽ കോളേജ് കേരള ഗവൺമെന്റ് ഏറ്റെടുത്തു.
2. നിലവിൽ ആകെ അധ്യാപക അനധ്യാപക തസ്തികകളിൽ 700-ൽ പരം നിയമനങ്ങൾ നടത്തിയിട്ടുണ്ട്.
3. ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് ഒ.പി. രജിസ്ട്രേഷൻ കൌണ്ടർ, വെയ്റ്റിംഗ് ഏരിയ എന്നിവയുൾപ്പെടെ **4 കോടി രൂപ** ചിലവഴിച്ച് നിർമ്മിച്ച പുതിയ ഒ.പി. ബ്ലോക്ക് പൂർണ്ണമായും പ്രവർത്തനസജ്ജമാക്കി
4. 1000 രോഗികളെ ഉൾക്കൊള്ളുന്ന തരത്തിലുള്ള വെയ്റ്റിംഗ് ഏരിയയും മറ്റും പൂർണ്ണമായും ശീതീകരിച്ചതാണ്.
5. റേഡിയോ ഡയഗ്നോസിസ് വിഭാഗത്തിന് കീഴിൽ **2.5 കോടി രൂപ** മുതൽ മുടക്കി ആധുനികമായ 26 സ്ലൈസ് മൾട്ടി ഡിറ്റക്ടർ സിടി സ്കാനർ സ്ഥാപിച്ചിട്ടുണ്ട്.
6. ആൻജിയോഗ്രാം ഉൾപ്പടെയുള്ള എല്ലാവിധ പരിശോധനകളും ഏറ്റവും വേഗത്തിൽ നടത്തുന്നതിനും രോഗിക്ക് എത്രയും പെട്ടെന്ന് ചികിത്സ ലഭ്യമാക്കുന്നതിനും സഹായകരമായിട്ടുണ്ട്.
7. ഹൈഎൻഡ് 1.5 ടെസ്ല വൈഡ് ബോർ എം.ആർ.ഐ സ്കാനർ വാങ്ങുന്നതിന് **7.3 കോടി രൂപ** അനുവദിച്ചു.
8. 4D കളർ ഡോപ്ലർ അൾട്രാ സൌണ്ട് സ്കാനർ **64 ലക്ഷം** ചിലവഴിച്ച് സജ്ജമാക്കിയിട്ടുണ്ട്. വയറിന്റെയും കഴുത്തിന്റെയും രക്തധമനികളുടെയും പ്രത്യേകിച്ച് അമ്മയുടെയും കുഞ്ഞിന്റെയും രോഗനിർണ്ണയത്തിനുപകരിക്കുന്ന ഏറ്റവും ആധുനിക നിലവാരത്തിലുള്ള മെഷീനാണിത്. ഇതിലൂടെ ഏറ്റവും വേഗത്തിലും കൃത്യതയിലും രോഗ നിർണ്ണയം നടത്താനും രോഗിക്ക് ഏറ്റവും വേഗത്തിൽ ചികിത്സ നടത്തുന്നതിനും സഹായകരമാണ്.
9. ആധുനിക താക്കോൽ ദ്വാരശസ്ത്രക്രിയ സൗകര്യം ഒരുക്കുന്നതിനായി എച്ച്.ഡി ലാപ്രോസ്കോപ്പിക് സിസ്റ്റം **37.5 ലക്ഷം രൂപ** ചെലവിൽ സ്ഥാപിച്ചു.
10. എല്ലാ വിധ എക്സ്റേ പരിശോധനകളും ഡിജിറ്റൽ വ്യക്തതയിൽ ഏറ്റവും പെട്ടെന്ന് തന്നെ രോഗികൾക്ക് ലഭ്യമാക്കുന്നതിനായി **54 ലക്ഷം രൂപ** മുതൽ മുടക്കി 500mA എക്സ്റേ മെഷീനുകളും മറ്റു അനുബന്ധ ഉപകരണങ്ങളും

റേഡിയോ ഡയഗ്നോസിസ് വിഭാഗത്തിൽ സജ്ജമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ 3 എക്സ്റേ മെഷീൻ ഡിപ്പാർട്ട്മെന്റിലും ഒരെണ്ണം അത്യാഹിത വിഭാഗത്തിലും പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

11. സ്തനാർബുദ ചികിത്സയ്ക്കായി **32,00,000 രൂപ** മുതൽ മുടക്കിൽ ഒരു മാമ്മോഗ്രാം മെഷീൻ സ്ഥാപിച്ചിട്ടുണ്ട്.
12. ആധുനിക ഡിജിറ്റൽ ഫ്ലൂറോസ്കോപ്പി മെഷീൻ സ്ഥാപിക്കുന്നതിനായി **50 ലക്ഷം രൂപ** അനുവദിച്ചു.
13. ഗൈനക്കോളജി വിഭാഗത്തിൽ **84 ലക്ഷം രൂപ** മുതൽ മുടക്കി ഗർഭിണികൾക്ക് അത്യാഹിത വിഭാഗവും, ഹൈ ഡിപ്പന്റൻസി യൂണിറ്റും പ്രവർത്തനസജ്ജമാക്കി.
14. അതീവ സങ്കീർണ്ണമായ ഗർഭാവസ്ഥയിൽ ആശുപത്രിയിലെത്തുന്ന ഗർഭിണികൾക്ക് പൂർണ്ണമായ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള എല്ലാവിധ സജ്ജീകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.
15. **60 ലക്ഷം രൂപ** മുതൽ മുടക്കി എല്ലാവിധ ആധുനിക സജ്ജീകരണങ്ങളോടു കൂടിയ മെഡിക്കൽ ഐ.സി.യു, സർജറി, ഫീവർ, ബേൺസ്, ശ്വാസകോശരോഗം, ശിശുരോഗം എന്നിവിടങ്ങളിലായി 58 ബെഡ്ഡുകൾ പ്രത്യേകമായി സജ്ജീകരിച്ചിട്ടുണ്ട്.
16. **30 ലക്ഷം രൂപ** മുതൽ മുടക്കി വെന്റിലേറ്ററുകൾ, മൾട്ടിപാരാമോണിറ്ററുകൾ ഡിഫിബ്രിലേറ്റർ തുടങ്ങി ആധുനിക ജീവൻ രക്ഷാ ഉപകരണങ്ങൾ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.
17. **30 ലക്ഷം** രൂപ മുതൽ മുടക്കിൽ അത്യാധുനിക സജ്ജീകരണങ്ങളോടെയുള്ള മോർച്ചറി ബ്ലോക്ക് പ്രവർത്തന ക്ഷമമാണ്. ഒരേ സമയം 2 പോസ്റ്റമോർട്ടം നടത്തുന്നതിനും 16 മൃതദേഹങ്ങൾ സൂക്ഷിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഇവിടെ സജ്ജീകരിച്ചിരിക്കുന്നു.
18. **10 ലക്ഷം രൂപ** മുതൽ മുടക്കി അത്യാധുനിക രീതിയിലുള്ള ജിംനേഷ്യം പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.
19. **2 കോടി രൂപ** ചിലവഴിച്ച് വൃക്ക രോഗികൾക്ക് വേണ്ടി 10 ബെഡ് ഉള്ള ഡയാലിസിസ് യൂണിറ്റ് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.
20. അത്യാസന്ന നിലയിൽ ഹൃദയാഘാതവുമായി ആശുപത്രിയിലെത്തുന്ന രോഗികൾക്ക് പൂർണ്ണമായ ചികിത്സ ലഭ്യമാക്കുന്നതിനായി **8 കോടി രൂപ** ചിലവിൽ കാത്ത് ലാബ് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.
21. ശ്വാസകോശ രോഗ ചികിത്സാ വിഭാഗത്തിൽ നൂതന ചികിത്സാ സൗകര്യം ഒരുക്കുന്നതിനായി വീഡിയോ ബ്രോങ്കോസ്കോപ്പ് സ്ഥാപിക്കാൻ **16 ലക്ഷം രൂപ** അനുവദിച്ചു.
22. ഏറ്റവും വേഗത്തിലും കൃത്യതയിലും രോഗ നിർണ്ണയം നടത്താനും രോഗിക്ക് ഏറ്റവും വേഗത്തിൽ ചികിത്സ നടത്തുന്നതിനും റേഡിയോഡയഗ്നോസിസ് ഡിപ്പാർട്ട്മെന്റിൽ **1.76 കോടി** രൂപ ചിലവിൽ ഡിജിറ്റൽ റേഡിയോഗ്രാഫി യൂണിറ്റ് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.
23. എം ആർ ഐ മെഷിൻ വാങ്ങുന്നതിന് വേണ്ടി **7.35 കോടി രൂപ** അനുവദിച്ചു.
24. അടിസ്ഥാന സൗകര്യ വികസനത്തിനായി തനതു ഫണ്ടുപയോഗിച്ച് ട്രോമാകെയർ ബ്ലോക്കും ഇൻഫെക്ഷ്യസ് ഡിസീസ് ബ്ലോക്കും

നിർമ്മിക്കുന്നതിനായി നടപടി സ്വീകരിച്ച് വരുന്നു. കിഫ്ബി ഫണ്ടുപയോഗിച്ച് കാത്ത് ലാബും ഡയാലിസിസ് യൂണിറ്റും ഇതിനകം തന്നെ സജ്ജമാക്കി പ്രവർത്തിച്ച് വരുന്നു.

**സർക്കാർ മെഡിക്കൽ കോളേജ്, പത്തനംതിട്ട (കോന്നി)**

1. ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനത്തിന്റെ അധിക പ്രവർത്തികൾക്കായി 15.5 കോടി രൂപയുടെ ഭരണാനുമതി GO (Rt) 515/2022/H&FWD തീയതി 07.03.2022 പ്രകാരം ലഭിക്കുകയുണ്ടായി. പ്രവർത്തികൾ ചെയ്യുന്നതിനുള്ള തുടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

2. കോന്നി സർക്കാർ മെഡിക്കൽ കോളേജിൽ കിഫ്ബി മുഖേന ചുവടെ പറയുന്ന നിർമ്മാണപ്രവർത്തനങ്ങൾ നടന്നു വരുന്നു ( phase II)

   ആശുപത്രി ബ്ലോക്ക്, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, മെഡിക്കൽ കോളേജ് എക്സ്റ്റ് ൻഷൻ, വനിതാ ഹോസ്റ്റൽ, മെൻസ് ഹോസ്റ്റൽ, ഡീൻസ് ഹൗസ്, ടൈപ്പ് 'എ' ക്വാർട്ടേഴ്സ് (1 BHK), ടൈപ്പ് 'ബി' ക്വാർട്ടേഴ്സ് (1 BHK), ടൈപ്പ് 'സി' ക്വാർട്ടേഴ്സ് (2 BHK), ടൈപ്പ് 'ഡി' ക്വാർട്ടേഴ്സ് (3 BHK), ആഡിറ്റോറിയം, ലോൺട്രി, ഓട്ടോപ്സി, ഗസ്റ്റ് ഹൗസ്, ഡോർമെട്രി, അനിമൽ ഹൗസ്, സ്പെഷ്യലൈസ്ഡ് E & M വർക്സ്, എസ്റ്റേർണൽ ഡെവലപ്മെന്റ്, STP, ETP, മഴവെള്ള സംഭരണം മുതലായവ, സോളാർ പവർ പ്ലാന്റ്, ലിഫ്റ്റ് ( phase I).

3. മെഡിക്കൽ ഉപകരണങ്ങൾ, ഫർണിച്ചർ എന്നിവ വാങ്ങുന്നതിന് കിഫ്ബി വഴി 19 കോടിയുടെ അനുമതി നൽകിയിട്ടുണ്ട് .

4. പത്തനതിട്ട ജില്ലയിലെ കോന്നി സർക്കാർ മെഡിക്കൽ കോളേജിലെ വിവിധ വിഭാഗങ്ങളിലേക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി 6.75 കോടി രൂപ അനുവദിക്കുകയും, ആയതു വാങ്ങുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു.

5. കോന്നി മെഡിക്കൽ കോളേജ് ആശുപത്രിയിൽ കാഷ്വാലിറ്റി തുടങ്ങുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിനായി 16 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

6. ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് മാർച്ച് 2022 ലും ഓക്സിജൻ പ്ലാന്റ് ഫെബ്രുവരി 2022 ലും പ്രവർത്തനം ആരംഭിച്ചു.

7. കാരുണ്യ ഫാർമസി, എച്ച്.ഡി..എസ് എന്നിവ ആരംഭിച്ചിട്ടുണ്ട്. അതിനൂതനമായ സിടി സ്കാൻ സ്ഥാപിക്കുന്നതിന് 4.95 കോടി രൂപ അനുവദിച്ചിട്ടുണ്ട്

**സർക്കാർ റ്റി.ഡി.മെഡിക്കൽ കോളേജ്, ആലപ്പുഴ**

1. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് (പി.എം.എസ്.വൈ പദ്ധതി)

പി.എം.എസ്.വൈ പദ്ധതി പ്രകാരം 120 കോടി രൂപയുടെ കേന്ദ്ര വിഹിതവും, 53.18 കോടി രൂപയുടെ സംസ്ഥാന വിഹിതത്തോടു കൂടിയും സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മാണം നടന്നു വരുന്നു. ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ് (HITES) മുഖേനയാണ് ഇതിന്റെ നിർമ്മാണ പ്രവർത്തനവും, ഇതിനോടനുബന്ധിച്ചുള്ള ഉപകരണങ്ങൾ ഉൾപ്പെടെയുള്ള എല്ലാ പ്രവർത്തനങ്ങളും നടത്തുന്നത്.95% പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട് .

2. ട്രോമാ കെയർ യൂണിറ്റ്

കേന്ദ്ര സഹായത്തോടു കൂടി 3.62 കോടി രൂപ ചിലവിൽ സെൻട്രൽ ട്രോമാ കെയർ യൂണിറ്റ് നിലവിലുള്ള മെഡിക്കൽ കോളേജ് ആശുപത്രിക്കുള്ളിൽത്തന്നെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തിച്ചുവരുന്നു. ഇതിന്റെ ട്രയാജ്, ഐ.സി.യു, ഓപ്പറേഷൻ തിയേറ്റർ എന്നിവ നിലവിൽ പ്രവർത്തിച്ചുവരുന്നതും, ട്രോമാകെയർ യൂണിറ്റിന്റെ പ്രയോജനം രോഗികൾക്ക് ലഭിച്ചുവരുന്നു.

സംസ്ഥാന സർക്കാർ പുതിയ ട്രോമാകെയർ ബ്ലോക്കിനായി 32.67 കോടി രൂപ അനുവദിച്ചു. എ ബ്ലോക്കിൽ ഗ്രൗണ്ട് ഫ്ളോറിന്റെ കോൺക്രീറ്റ് പ്രവർത്തികൾ പൂർത്തീകരിക്കുകയും ഒന്നാം നിലയുടെ ഫ്ലോർ വർക്കുകൾ നടന്നുവരുന്നു. ബി ബ്ലോക്കിന്റെ കോളം വർക്കുകൾ നടന്നുവരുന്നു. പ്രവൃത്തികൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിന് പി.ഡബ്ല്യൂ.ഡി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കേന്ദ്ര സഹായത്തോടുകൂടി 3.62 കോടി രൂപയ്ക്ക് ട്രോമാ കെയർ യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി ഉപകരണങ്ങൾ വാങ്ങുന്ന നടപടികൾ പൂർത്തിയായി വരുന്നു.

3. നബാർഡ്-ന്റെ ധനസഹായത്തോടെ ഒ&ജി ബ്ലോക്ക്

നബാർഡ് ധനസഹായത്തോടെ ആലപ്പുഴ ഗവ.റ്റി.ഡി.മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഒ&ജി ബ്ലോക്ക് നിർമ്മാണം ആരംഭിച്ചിട്ടുള്ളതാണ്. ഇതിലേക്ക് 30 കോടി രൂപ അനുവദിച്ചിട്ടുള്ളതാണ്. ഇതിൽ 4.50 കോടി രൂപ സംസ്ഥാന വിഹിതമാണ്. നിലവിൽ 5 നിലകളുടെ കോൺക്രീറ്റിംഗ് വർക്കുകൾ പൂർത്തീകരിച്ച് പ്ലാസ്റ്ററിംഗ്, പെയിന്റിംഗ്, ഇലക്ട്രിക്കൽ വർക്കുകൾ എന്നിവ നടന്നുവരുന്നു.ആകെ

90% വർക്കുകൾ പൂർത്തീകരിച്ചിരിക്കുന്നു.

4. കോംപ്രഹെൻസീവ് സ്ട്രോക്ക് സെന്റർ

ആലപ്പുഴ ഗവ.റ്റി.ഡി.മെഡിക്കൽ കോളേജ് ആശുപത്രിയിൽ മൂന്ന് നിലകളിലായി ഒരു സ്ട്രോക്ക് യൂണിറ്റ് സ്ഥാപിക്കുന്നതിന് 2020-21 പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി 06/09/2020-ലെ ജി.ഒ.(ആർ.റ്റി) നം.1619/2020/എച്ച്&എഫ്.ഡബ്ല്യൂ.ഡി ഉത്തരവിൻ പ്രകാരം 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് .

5. ഇ-ഹെൽത്ത് പദ്ധതി

ഇ-ഹെൽത്ത് പദ്ധതിയുടെ ഭാഗമായി നടപ്പാക്കിയ വിവിധ പ്രവൃത്തികൾക്കായി (ലാൻ കണക്ഷൻ, ഹാർഡ് വെയറുകൾ) എന്നിവയ്ക്കായി 11/05/2018-ലെ ജി.ഒ.(ആർ.റ്റി) നം.1623/2018/എച്ച് & എഫ്. ഡബ്ല്യൂ.ഡി സർക്കാർ ഉത്തരവിൻ പ്രകാരം 1,58,00,000/- രൂപയുടെ ഭരണാനുമതി നൽകി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

6. കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസ്-നവീകരണവും ശാക്തീകരണവും

ആലപ്പുഴ മെഡിക്കൽ കോളേജിലെ ഫാർമസി ഇൻസ്റ്റിറ്റ്യൂട്ടിന്റെ നവീകരണം-ശാക്തീകരണത്തിനായി 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 03/03/2018-ലെ ജി.ഒ (ആർ.റ്റി) നം. 713/2018/എച്ച്& എഫ്.ഡബ്ല്യൂ.ഡി ഉത്തരവിൻ പ്രകാരം കെട്ടിടത്തിന്റെ നവീകരണത്തിനായി 42,24,000/- രൂപ അനുവദിച്ചിട്ടുള്ളതും പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളതുമാണ്.

7. പാരാമെഡിക്കൽ വിദ്യാർത്ഥികൾക്ക് ലക്ചർഹാൾ-കോമൺറൂം, ടോയ് ലെറ്റ്

പാരാമെഡിക്കൽ വിദ്യാഭ്യാസ ശാക്തീകരണം നടപ്പാക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ ഗവ.റ്റി.ഡി.മെഡിക്കൽ കോളേജിലെ പാരാമെഡിക്കൽ വിദ്യാർത്ഥികൾക്കായി ലക്ചർഹാൾ-കോമൺറൂം, ടോയ് ലെറ്റ് ബ്ലോക്ക് എന്നിവ നിർമ്മിക്കുന്നതിലേക്ക് 40 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്. ഒന്നാം ഘട്ട നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതും പ്രസ്തുത കെട്ടിടം പഠനസൗകര്യാർത്ഥം കൈമാറിയിട്ടുള്ളതുമാകുന്നു. രണ്ടാം ഘട്ട നിർമ്മാണത്തിന് 04/08/2021-ലെ ജി.ഒ.(ആർ.റ്റി) നം:1661/2021/എച്ച്&എഫ്.ഡബ്ല്യൂ.ഡി ഉത്തരവിൻ പ്രകാരം രണ്ടാം ഘട്ട നിർമ്മാണത്തിന് 30 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതും നിർമ്മാണത്തിന്റെ അവസാനഘട്ട പ്രവൃത്തികൾ നടന്നുവരുന്നു.

8. വയോജനങ്ങൾക്കും അംഗപരിമിതർക്കുമുള്ള റാമ്പ്

മെഡിക്കൽ കോളേജ് വയോജനങ്ങൾക്കും അംഗപരിമിതർക്കും സൗഹൃദപ്രദമാക്കുന്നതിന്റെ ഭാഗമായി 40 ലക്ഷം മുടക്കി കാമ്പസിൽ ഒരു റാമ്പ് അനുവദിച്ച് നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ട്.

9. ക്യാന്റീൻ കം ഗസ്റ്റ്.റൂം.

ക്യാന്റീൻ കം ഗസ്റ്റ് റൂം നിർമ്മാണത്തിനായി 3,77,35,800/- രൂപയിൽ കെട്ടിടത്തിന്റെ ഒന്നാം ഘട്ട നിർമ്മാണത്തിന് ആദ്യ ഗഡുവായി 1,00,00,000/- രൂപ അനുവദിച്ചിട്ടുള്ളതും നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതുമാണ്. രണ്ടാം ഘട്ട നിർമ്മാണത്തിന് 1 കോടി രൂപ അനുവദിച്ചിട്ടുള്ളതും, നിർമ്മാണം അവസാനഘട്ടത്തിലേയ്ക്ക് കടന്നിട്ടുള്ളതുമാണ്.

10. ഓങ്കോളജി ബ്ലോക്ക് നിർമ്മാണം

ഓങ്കോളജി ബ്ലോക്ക് നിർമ്മാണത്തിനായി 3,20,00,000/- രൂപ പി.ഡബ്ല്യൂ.ഡി-യ്ക്ക് ശീർഷകത്തിൽ നിക്ഷേപിച്ചിട്ടുള്ളതാണ്. ആദ്യഘട്ടം എന്ന നിലയിൽ നിലം തയ്യാറാക്കൽ, ചുറ്റുമതിൽ നിർമ്മാണം എന്നിവ പൂർത്തീകരിച്ചിട്ടുള്ളതാണ്.

11. പേ വാർഡ്

പേ വാർഡ് നിർമ്മാണത്തിനായി 4,86,75,542/- രൂപയുടെ പി.ഡബ്ല്യൂ.ഡി ശീർഷകത്തിൽ സർക്കാർ നിക്ഷേപിച്ചിട്ടുള്ളതാണ്. പേ വാർഡ് നിർമ്മാണത്തോടനുബന്ധിച്ച് പി.ഡബ്ല്യൂ.ഡി ആർക്കിടെക്ച്ചൽ വിഭാഗം

ഡ്രോയിംഗ് തയ്യാറാക്കി നൽകിയിട്ടുള്ളതാണ്. നിർമ്മാണം ഉടൻതന്നെ ആരംഭിക്കുന്നതാണ്.

12. രോഗീ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി Toilet ബ്ലോക്ക് നവീകരണത്തിനായി 10.69 ലക്ഷം രൂപയും, ആശുപത്രി പരിസരം സി.സി. ടി.വി നിരീക്ഷണത്തിൽ ആക്കുന്നതിനായി 79.91 ലക്ഷം രൂപയും, പാസ്സേജുകൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി 70 ലക്ഷം രൂപയും, ഡൈനിംഗ് ഏരിയായ്ക്കുവേണ്ടി 3.76 ലക്ഷം രൂപയും അനുവദിച്ചു. ഈ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്.
13. അംഗപരിമിതർക്കും വയോജനങ്ങൾക്കും മെച്ചപ്പെട്ട സേവനങ്ങൾ ആശുപത്രിയിൽ ലഭ്യമാക്കുന്നതിന്റെ ഭാഗമായി എക്കോഫ്രണ്ട്ലി റെസ്റ്റ് റൂം സ്ഥാപിക്കുന്നതിനായി 50 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതും പി.ഡബ്ല്യൂഡി യിൽ നിക്ഷേപിച്ചിട്ടുള്ളതുമാണ്.
14. സീവേജ് ട്രീറ്റ് പ്ലാന്റിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് 1 കോടി 9 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതാണ്. അവസാനഘട്ട പുനരുദ്ധാരണ പ്രവൃത്തികൾ നടന്നുവരുന്നു.

<u>**സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം**</u>

1. കോട്ടയം മെഡിക്കൽ കോളേജിന്റെ വികസന പദ്ധതികളുടെ ഭാഗമായി പുതുതായി സർജിക്കൽ ബ്ലോക്കും, സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കും പണിയുന്നതിന് 564 കോടി രൂപയുടെ ഭരണാനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. അതിൽ സർജിക്കൽ ബ്ലോക്കിന്റെ നിർമ്മാണം 40 ശതമാനം പുരോഗമിച്ചിട്ടുണ്ട്. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുവേണ്ടി ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ആധുനിക ലാബ് സൗകര്യങ്ങൾ ഉൾപ്പെടെ 400- ഓളം കിടക്കകളും 14 ഓപ്പറേഷൻ തീയറ്ററുകളും നൂറോളം ഐ സി യു ബെഡ്ഡുകളും ഉൾപ്പെടെയുള്ള സംവിധാനം Turnkey Project ആയി കിഫ്ബി വഴി ചെയ്യുന്നുണ്ട്.
2. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ 11 ഓപ്പറേഷൻ തീയറ്ററുകളും നൂറോളം ഐ സി യു ബെഡ്ഡുകളും കിഡ്നി, കരൾ മുതലായവ മാറ്റിവയ്ക്കുന്നതിനുള്ള സംവിധാനങ്ങളും 360-ഓളം കിടക്കകളും ഉള്ള സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്ന് ലഭിച്ചിട്ടുണ്ട്.
3. 36 കോടി മുടക്കുള്ള നബാർഡ് പ്രോജക്ട് ആയ കാർഡിയോളജി സെക്കന്റ് ബ്ലോക്കിന്റെ അനുമതി ലഭിച്ച് ടെൻഡർ നടപടിയിലേക്ക് നീങ്ങുന്നു. 200 കിടക്കയും, 60 ഐ സി യു ബെഡ്ഡുകളും,30 ഓപ്പറേഷൻ തീയറ്ററുകളും ഇതിൽ ഉൾപ്പെടുന്നു.
4. 10 കോടി രൂപയുടെ നബാർഡ് പ്രോജക്ട് ആയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫെക്ഷൻ ഡിസീസസിന് പ്രത്യേക ബ്ലോക്ക് നിർമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട് .

5. കോട്ടയം മെഡിക്കൽ കോളേജിൽ ട്രോമാ കെയർ സംവിധാനത്തോട്ടു കൂടിയ പുതിയ അത്യാഹിത വിഭാഗം (36 കോടി) ബ്ളോക്ക് പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു. പുതിയ അത്യാഹിത വിഭാഗം ആരംഭിച്ചത് ട്രയേജ് സിസ്റ്റത്തോട്ടു കൂടിയാണ്.
6. കോട്ടയം മെഡിക്കൽ കോളേജിൽ 3.30 കോടി രൂപയ്ക്ക് ഡി.എസ്.എ മെഷീൻ സ്ഥാപിച്ചു .
7. കോട്ടയം മെഡിക്കൽ കോളേജിൽ എം.ആർ.ഐ സ്കാൻ സ്ഥാപിച്ചു.
8. കേരളത്തിൽ ആദ്യമായി കോട്ടയം മെഡിക്കൽ കോളേജിൽ ട്രാൻസ്ജെൻഡർമാർക്ക മാത്രമായി ഒ.പി സംവിധാനം ആരംഭിച്ചു.
9. കോട്ടയം മെഡിക്കൽ കോളേജിൽ രണ്ടാമത്തെ കാത്ത് ലാബ് അനുവദിച്ചു.
10. രണ്ടാമത്തെ ലീനിയർ ആക്സിലേറ്റർ സ്ഥാപിക്കുകയും ചെയ്തു.
11. കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ ആരംഭിക്കുകയും ആയത് വിജയകരമായി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.
12. 1.24 കോടി രൂപ ബേൺസ് യൂണിറ്റിനായി അനുവദിച്ചിട്ടുണ്ട്.

**<u>സർക്കാർ മെഡിക്കൽ കോളേജ്,ഇടുക്കി</u>**

1. ഇടുക്കിയിലെ പൈനാവിൽ സർക്കാർ മെഡിക്കൽ കോളേജ് ആരംഭിക്കാൻ തീരുമാനിക്കുകയും ഇടുക്കി ജില്ലയിൽ സർക്കാർ മെഡിക്കൽ കോളേജ് നിർമാണത്തിനായി സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥ പ്രകാരം ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്കിൽ സർവേ നമ്പർ 161/1ൽ ഉൾപ്പെടുന്ന 4.0 ഏക്കർ സ്ഥലം ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് കൈമാറി ഉത്തരവ് ലഭിക്കുകയുണ്ടായി.
2. അക്കാദമിക് ബ്ലോക്കിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും പഴയ ആശുപത്രി കെട്ടിടത്തിലെ അറ്റകുറ്റ പണികൾ പൂർത്തീകരിക്കുകയും ചെയ്തു.
3. നിലവിലുണ്ടായിരുന്ന ഇടുക്കി ജില്ലാ ആശുപത്രിയും, ഉപകരണങ്ങളും മെഡിക്കൽ കോളേജിലേക്ക് കൂട്ടിച്ചേർത്തു മെഡിക്കൽ കോളേജ് ആശുപത്രി പ്രവർത്തനം ആരംഭിക്കുകയും ഒന്നാം ഘട്ട നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു കഴിഞ്ഞു.
4. രണ്ടാം ഘട്ടത്തിലെ ആശുപത്രി സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 80% പൂർത്തീകരിച്ചു. ഇലക്ട്രിക്കൽ, പ്ലംബിംഗ് & മെക്കാനിക്കൽ ജോലികളും ഊർജ്ജിതമായി നടന്നു വരുന്നു.
5. പുതിയ അക്കാഡമിക്ക് ബ്ലോക്ക് പണിയുന്നതിലേക്ക് മറ്റു സൗകര്യങ്ങൾ ഒരുക്കുന്നതിലേക്കായി 50 ഏക്കർ സ്ഥലം കണ്ടെത്താനായി ശ്രമം നടത്തുകയും ചെയ്തു. കൂടാതെ മെഡിക്കൽ കോളേജിന്റെ കൈവശമുള്ള സ്ഥലത്ത് ബാക്കി കണ്ടെത്തിയ സ്ഥലത്തു മൂന്നു സ്റ്റാഫ് കോട്ടേഴ്സുകൾ പണിയുന്നതിനുള്ള നടപടികളിലേക്ക് നീങ്ങിയിട്ടുണ്ട്.

6. നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണത്തിനായി 40.15 കോടി ചെലവഴിച്ചിട്ടുണ്ട്.

**<u>സർക്കാർ മെഡിക്കൽ കോളേജ്, എറണാകുളം</u>**

1. എറണാകുളം മെഡിക്കൽ കോളേജിൽ 8 കോടി രൂപ ചെലവഴിച്ച് കാത്ത് ലാബ് പ്രവർത്തനം ആരംഭിച്ചു.

2. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് മാതൃശിശു സംരക്ഷണ വിഭാഗം എന്നിവ ഉൾപ്പെടുന്ന ആശുപത്രി സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

3. എറണാകുളം മെഡിക്കൽ കോളേജിലെ മാലിന്യ സംസ്കരണ പ്ലാന്റിന്റെ നവീകരണത്തിനായി 1.79 കോടിയുടെ ഭരണാനുമതി നൽകുകയും പൂർത്തീകരിക്കുകയും ചെയ്തു.

4. എറണാകുളം മെഡിക്കൽ കോളേജിൽ 25 കോടി മുതൽമുടക്കി ആധുനിക ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് ഇമേജ് സെന്റർ സ്ഥാപിച്ചു.

5. 1 കോടി രൂപ ചെലവഴിച്ച് സി സി ടി വി സ്ഥാപിച്ചു

6. 1.3 കോടി രൂപ ചെലവഴിച്ച് പുതിയ ഡയാലിസിസ് യൂണിറ്റ് ആരംഭിച്ചു

7. 7.4 കോടി രൂപ ചെലവഴിച്ച് എം ആർ ഐ യൂണിറ്റ് സ്ഥാപിച്ചു

8. 2 കോടി രൂപ ചെലവഴിച്ച് ഡിജിറ്റൽ റേഡിയോഗ്രാഫി & ഫ്ലൂറോസ്കോപ്പി യൂണിറ്റ് സ്ഥാപിച്ചു.

9. 39.34 ലക്ഷം രൂപ ചെലവഴിച്ച്ജനറൽ സർജറി വിഭാഗത്തിലും,ഒ & ജി വിഭാഗത്തിലും High Definition Laparoscopy System സ്ഥാപിച്ചു.

10. പീഡിയാട്രിക്സ് വിഭാഗത്തിൽ 9 ലക്ഷം രൂപ യുടെ പോർട്ടബിൾ അൾട്രാസൗണ്ട് മെഷീൻ സ്ഥാപിച്ചു.

11. വേസ്റ്റ് മാനേജ്മെന്റിന് വേണ്ടി തുമ്പോർമൂഴി മോഡൽ എയ്റോബിക് കമ്പോസിങ് യൂണിറ്റ് 16.8 ലക്ഷം രൂപ ചെലവഴിച്ച് സജ്ജീകരിച്ചു.

12. 22.6 ലക്ഷം രൂപ ചെലവഴിച്ച് വേസ്റ്റ് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സജ്ജീകരിച്ചു.

13. 160 Ma Mobile Digital X-Ray machine with battery backup വാങ്ങുന്നതിന് 1 കോടി രൂപ അനുവദിച്ചു.

14. 1 കോടി രൂപയുടെ 13 KL Liquid Oxygen Tank സ്ഥാപിച്ചു.

15. എറണാകുളം മെഡിക്കൽ കോളേജിൽ തസ്തികകൾ സൃഷ്ടിച്ച്നെഫ്രോ, കാർഡിയോ ന്യൂറോവിഭാഗങ്ങൾ ഉൾപ്പെടെയുള്ള സൂപ്പർ സ്പെഷ്യാലിറ്റി ആരംഭിച്ചിട്ടുണ്ട്.

16. 13 KL ലിക്വിഡ് ഓക്സിജൻ പ്ലാന്റ് സ്ഥാപിച്ചു

## സർക്കാർ മെഡിക്കൽ കോളേജ്, തൃശ്ശൂർ

1. തൃശ്ശൂർ മെഡിക്കൽ കോളേജിൽ 8.60 കോടി രൂപ ചെലവഴിച്ച് കാർഡിയോളജി വിഭാഗത്തിൽ കാത്ത് ലാബ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.
2. തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിൽ എം സി എച്ച് ന്യൂറോ സർജറി കോഴ്സിന് 2 സീറ്റ് ലഭിച്ചു.
3. തൃശ്ശൂർ മെഡിക്കൽ കോളേജിൽ കേടായ ടെലി കൊബാൾട്ട് മെഷീൻ ഒരു കോടി രൂപ ചെലവഴിച്ച് ഉപയോഗ പ്രദമാക്കി.
4. ക്യാൻസർ രോഗികൾക്കായി കീമോഡേ കെയർ സെന്റർ പണികഴിപ്പിച്ചു
5. സി.ടി സ്കാനർ സ്ഥാപിച്ചു.
6. കാത്ത് ലാബ്, ജെറിയാട്രിക്ക് ക്ലിനിക്, കീമോഡികെയർ, വൈറോളജി ലാബ്, റീജിയണൽ ഏർലി ഇന്റർവെൻഷൻ സെന്റർ & ഓട്ടിസം സെന്റർ എന്നിവ പ്രവർത്തനമാരംഭിച്ചു
7. ആർദ്രം പദ്ധതി മുഖേന ഒ.പി നവീകരണം പൂർത്തിയാക്കി.
8. കിഫ്ബി ധന സഹായത്തോടെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൻറെ നിർമ്മാണത്തിനായി സാമ്പത്തികാനുമതി ലഭിച്ചു പ്രവർത്തി ടെന്റർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. മദർ ആന്റ് ചൈൽഡ് ബ്ലോക്കിന്റെ സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.
9. ആതുര ശുശ്രൂഷയുടെ നിലവാരം കാലാനുസൃതമായി ഉയർത്തുന്നതിനും നൂതനസേവന, നൈപുണ്യശേഷികൾ ജീവനക്കാർക്ക് പകർന്നു നല്കുന്നതിനും വേണ്ടി ആധുനിക സ്ഥിരം പരിശീലന കേന്ദ്രം 2.90 കോടി രൂപ ചെലവഴിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.
10. പൊള്ളൽ പരിചരണ സൗകര്യങ്ങളുടെ വിപുലീകരണത്തിനായി അനുവദിച്ച 2.688 കോടിരൂപ ഉപയോഗിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.
11. സാംക്രമികരോഗ ചികിത്സാ കേന്ദ്രം നിർമ്മിക്കുന്നതിന് ഒന്നാംഘട്ടമായി 5 കോടി രൂപ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.
12. മെഡിക്കൽ ഗവേഷണ സൗകര്യങ്ങൾ വിപുലീകരിക്കുന്ന മൾട്ടി ഡിസിപ്ലിനറി റിസർച്ച് യൂണിറ്റ്, മോളിക്യുലാർ ഡയഗ്നോസ്റ്റിക്ക് ലാബ് എന്നിവ സജ്ജീകരിക്കുന്നതിനായി യഥാക്രമം 1.25 കോടി രൂപയും, 1.60 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

13. രണ്ട് കെട്ടിടങ്ങളിലായി 24 അപ്പാർട്ടുമെന്റുകൾ പി.ജി. വിദ്യാർത്ഥികൾക്കായി പണി പൂർത്തിയാക്കിയിരിക്കുന്നു (5.40 കോടി രൂപ ).

14. തൃശ്ശൂർ ഗവ.മെഡിക്കൽ കോളേജ് ക്യാമ്പസിൽ പിജി. വിദ്യാർത്ഥികൾക്ക് ക്വാർട്ടേഴ്സ് നിർമ്മിച്ചു.

15. ആർദ്രം മിഷൻ പദ്ധതി ഒ.പി. നവീകരണം ഒന്നാം ഘട്ടം - 3.72 കോടി ചിലവഴിച്ച് പൂർത്തിയാക്കിയിട്ടുണ്ട്.

16. ലീനിയർ ആക്സിലറേറ്റർ 13.725 കോടിരൂപ ചിലവഴിച്ച് ഗവ. മെഡിക്കൽ കോളേജ് നെഞ്ചുരോഗാശുപത്രിയിൽ റേഡിയോതെറാപ്പി വിഭാഗത്തിൽ സ്ഥാപിച്ചിട്ടുണ്ട്.

17. മൂന്ന് നിലകളിലായി നിർമ്മിച്ചിരിക്കുന്ന പേ വാർഡ് 4.90 കോടി രൂപ ചെലവഴിച്ച് പ്രവർത്തനം ആരംഭിച്ചു

18. 7.65 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച ശിശു ചികിത്സ വിഭാഗം പ്രവർത്തനം ആരംഭിച്ചു. ആദ്യഘട്ടത്തിൽ ഒ പി വിഭാഗം, കുട്ടികളിലെ പ്രമേഹ ചികിത്സ പദ്ധതിയായ മിഠായി, രക്ത സംബന്ധ രോഗങ്ങൾ ആയ തലാസീമിയ ഹീമോഫീലിയ എന്നിവക്കുള്ള ഡേകെയർ സെന്ററുകളാണ് പ്രവർത്തനം ആരംഭിച്ചത്.

19. 64 ലക്ഷം രൂപ ചെലവഴിച്ച് ന്യൂറോസർജറി വിഭാഗത്തിൽ Stereotactic System വും RSBY ഫണ്ടുപയോഗിച്ച് മെഡിക്കൽ കോളേജ് ചെസ്റ്റ് ആശുപത്രിയിൽ C.T Scanner ഉം സ്ഥാപിച്ചിട്ടുണ്ട്.

20. തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണത്തിനുള്ള സാമ്പത്തിക അനുമതി ലഭിച്ചു പ്രവൃത്തി ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. മദർ & ചൈൽഡ് ബ്ലോക്കിന്റെ നിർമ്മാണത്തിനുള്ള സാമ്പത്തിക അനുമതിയ്ക്കായുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

## സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട്

1. കോബ്ലേറ്റർ, ഫ്ലക്സിബിൾ ലാറിംഗോസ്കോപ്പ് & നാരോ ബാന്റ് ഇമേജിംഗ്, ലൈക്കമൈക്രോസ്കോപ്പ് എന്നീ നൂതന ഉപകരണങ്ങൾ ശസ്ത്രക്രിയ തിയേറ്ററിൽ സ്ഥാപിച്ചു.
2. കാർബൺ ഡയോക്സൈഡ്, ലേസർ, നാവിഗേഷൻ സിസ്റ്റം എന്നിവ വാങ്ങാനുള്ള അനുമതി ലഭിച്ചു. നെർവ് മോണിറ്റർ, ഡിബൈഡർ സിസ്റ്റം, വെസൽ സീലർ എന്നിവ സ്ഥാപിച്ചു
3. നിപ ചികിത്സക്ക് RTPCR, കോവിഡ് 19 ന് RTPCR, True NAT, RAT, ക്ഷയരോഗം നിർണ്ണയിക്കുന്നതിന് CBNAAT, True NAT, LPA,MGIT മറ്റ് സാംക്രമിക രോഗങ്ങൾ നിർണ്ണയിക്കാനുള്ള RTPCR സംവിധാനങ്ങളും, ഓട്ടോമേറ്റഡ് ABST (Antibiotic Susceptibility Testing) VITEK ഉപയോഗിച്ച് ചെയ്യാനുള്ള സംവിധാനങ്ങളും സ്ഥാപിച്ചു
4. കാർഡിയോളജിയിൽ മുൻപ് ഉണ്ടായിരുന്ന കാത്ത് ലാബ് കൂടാതെ പുതിയതായി മറ്റൊരു കാത്ത് ലാബ് കൂടി പ്രവർത്തനം ആരംഭിച്ചു ഇതോടുകൂടി

ആൻജിയോപ്ലാസ്റ്റിയും അതുപോലെയുള്ള അനുബന്ധ ചികിത്സകളും 24 മണിക്കൂറും ലഭ്യമാക്കാനുള്ള ക്രമീകരണങ്ങൾ സജ്ജമായി

5. ആകാശ പാത വന്നതോട് കൂടി അത്യാവശ്യ സന്ദർഭങ്ങളിൽ പ്രൈമറി ആൻജിയോപ്ലാസ്റ്റിക്ക് വരുന്ന രോഗികളെ വളരെ വേഗത്തിൽ കാത്ത് ലാബിൽ എത്തിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ആയിട്ടുണ്ട്.
6. അത്യാസന്ന നിലയിലുള്ള രോഗികൾക്ക് അതിനൂതന ചികിത്സ നൽകാൻ ഒരു പുതിയ ഐ.സി. യു ആരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു.
7. അർബുദതര രോഗികൾക്ക് താക്കോൽദ്വാര ശസ്ത്രക്രിയകൾ, അൾട്രാ സൗണ്ട് സഹായത്തോടുകൂടി സ്തനാർബുദത്തിനുള്ള Guidewire ബയോപ്പി, പിത്ത വാഹിനിക്കുഴലിലെ തടസ്സം നീക്കുന്നതിനുള്ള ഓപ്പറേഷൻ ഒഴിവാക്കി കൊണ്ടുള്ള ചികിത്സാരീതിയായ ERCP Procedure, വെരിക്കോസ് വെയിന് വേണ്ടിയുള്ള അതിനൂതന ചികിത്സാരീതിയായ റേഡിയോ ഫ്രീക്വൻസി അപ്ഡേഷൻ എന്നിവയും നല്കി വരുന്നു.
8. ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി മാതൃശിശു സംരക്ഷണ കേന്ദ്രത്തിലെയും ചെസ്റ്റ് ആശുപത്രി, സൂപ്പർ സ്പെഷ്യാലിറ്റി എന്നിവിടങ്ങളിലെ വെയിറ്റിങ് ഏരിയ, സൂപ്പർ സ്പെഷ്യാലിറ്റി ബ്ളോക്കിലെ ടോയലെറ്റുകളുടെ നിർമ്മാണം, ഫാർമസി കോളേജ്, സൂപ്പർ സ്പെഷ്യാലിറ്റി ബ്ളോക്ക് എന്നിവിടങ്ങൾക്ക് അടുത്തായി പാർക്കിംഗ് ഏരിയ, സൂപ്പർ സ്പെഷ്യാലിറ്റി ബ്ളോക്കിലേക്കുള്ള റോഡിൽ ഇന്റർലോക്ക് പാകൽ ഇവിടങ്ങളിലെ ഇലക്ട്രിക്കൽ വർക്ക്, ഒ.പി ബ്ളോക്കിൽ എ.സി സ്ഥാപിക്കൽ എന്നീ പ്രവർത്തികൾ പൂർത്തിയാക്കി.
9. ക്യാൻസർ ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മെഡിക്കൽ ഓങ്കോളജി, റേഡിയോതെറാപ്പി വിഭാഗങ്ങളെ ഓരോ സമുച്ചയത്തിലാക്കി 30000 സ്ക്വയർ ഫീറ്റിൽ പുതുതായി ത്രിതീയ ക്യാൻസർ കെയർ സെന്റർ ആരംഭിച്ചു.
10. റേഡിയോ ഡയഗ്നോസിസ് വിഭാഗത്തിൽ 5 കോടി രൂപ ചിലവിൽ അത്യാധുനിക 128 സ്ളൈസ് കാർഡിയോ സി.ടി സ്കാൻ സ്ഥാപിച്ചു.
11. കുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണത്തിനായി 14 കോടി അനുവദിച്ചു.
12. അക്കാദമിക് നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 10 കോടി രൂപ ചിലവിൽ ലക്ചറർ തീയേറ്റർ കോപ്ളക്സ് സ്ഥാപിച്ചു.
13. സൂപ്പർ സ്പെഷ്യാലിറ്റി ബ്ളോക്കിൽ 5 കോടി രൂപ ചെലവഴിച്ച് പക്ഷാഘാത ചികിത്സയ്ക്കായി സ്ട്രോക്ക് യൂണിറ്റ് സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചു.
14. 12.44 കോടി ചെലവിൽ പി.ജി വിദ്യാർത്ഥികൾക്കുള്ള റസിഡൻഷ്യൽ ക്വാർട്ടേഴ്സിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.
15. കോഴിക്കോട് മെഡിക്കൽ കോളേജിൽ ന്യൂക്ളിയർ മെഡിസിൻ വിഭാഗത്തിൽ 5.8 കോടി രൂപ ചെലവിൽ സ്പെക്ട് സിടി ഗാമ ക്യാമറയും, റേഡിയോളജി വിഭാഗത്തിൽ 5 കോടി രൂപ ചെലവിൽ അത്യാധുനിക 128 സൈസ് കാർഡിയാക് സി.ടിസ്കാനും സ്ഥാപിച്ചു.

16. മോളിക്യൂലാർ ഡയഗ്നോസ്റ്റിക് ഫെസിലിറ്റി ക്രമീകരിക്കുന്നതിനായി 1.2 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും ആയതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

17. ആർദ്രം പദ്ധതി പ്രകാരം 8.9 കോടി രൂപ ചെലവിൽ പ്രൈമറി വെയ്റ്റിംഗ് ഏരിയ, ഫാർമസി വെയ്റ്റിംഗ് ഏരിയ, കാൻസർ വെയ്റ്റിംഗ് ഏരിയ എന്നിവ നിർമ്മിച്ച പ്രവർത്തനം തുടങ്ങി.

18. 2021-22 സാമ്പത്തിക വർഷത്തിൽകോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിന് ലാബ് അസിസ്റ്റൻറ് (ഡയാലിസിസ്) വിഭാഗത്തിൽ 4 അധിക തസ്തികകൾ സൃഷ്ടിച്ചു.

19. 2021-22 സാമ്പത്തിക വർഷത്തിൽ കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിന്റെ പി എം എസ് എസ് വൈ പദ്ധതിക്ക് 27 കോടിയുടെ സംസ്ഥാന വിഹിതം അനുവദിക്കുകയുണ്ടായി .

20. കോഴിക്കോട് മെഡിക്കൽ കോളേജിനെ കിഫ്ബി സഹായത്തോടെയുള്ള ആശുപത്രി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ട് പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിൽ ഐസൊലേഷൻ ബ്ലോക്ക് നിർമ്മിക്കുന്നതിന് 25 കോടിയും, പുതിയ ഒ.പി ബ്ലോക്കിന്റെ നിർമ്മാണത്തിന് 1,87,50,37,630.83/- കോടിയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് .

**സർക്കാർ മെഡിക്കൽ കോളേജ്, മഞ്ചേരി**

1. മഞ്ചേരി മെഡിക്കൽ കോളേജിന്റെവികസനത്തിനായി 2. 8107 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് പ്രാരംഭ നടപടികൾക്ക് കണ്ടിൻജൻസി ചാർജ്ജായി 50 ലക്ഷം രൂപ അനുവദിച്ചു.

2. മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി കാർഡിയോളജി വിഭാഗം ശക്തിപ്പെടുത്തുകയും8 കോടി മുതൽ മുടക്കി കാത്ത് ലാബ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

3. എം.ആർ.ഐ സ്കാനർ സ്ഥാപിക്കുന്നതിന് 6.2 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

4. ആർദ്രം പദ്ധതി മുഖേന ഒ.പി നവീകരണം, രോഗീ സൗഹൃദ, വയോജന സൗഹൃദ ആശുപത്രിയാക്കൽ എന്നിവയും നടത്തിവരുന്നു.

5. 2021-22 സാമ്പത്തിക വർഷത്തിൽ മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിൽ എം.ഡി. ഡെർമറ്റോളജി & വെനറോളജി കോഴ്സിന് 2 സീറ്റ്, എം എസ് ഇ എൻ ടി കോഴ്സിന് 2 സീറ്റ്, എം എസ് ഒഫ്താൽമോളജി കോഴ്സിന് 2 സീറ്റ് എന്നിങ്ങനെ അനുമതി ലഭിച്ചു.

6. ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി 1.85 കോടി രൂപയുടെ ഒ.പി.ഡി. ട്രാൻസ്ഫർമേഷൻ പദ്ധതി നടപ്പിലാക്കി.

7. 1 കോടി രൂപയുടെ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കി.
8. മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി പി.ഡബ്ല്യു.ഡി ചുമതലയിൽ റസിഡന്റ്സ് ക്വാർട്ടേഴ്സ്, ലേബർ റൂം വിപുലീകരണം, വിവിധ ഐ.സി.യു കളുടെ നിർമ്മാണം, കാന്റീൻ ആദ്യ നിലയിലെ നിർമ്മാണം എന്നീ പ്രവർത്തികൾ പുരോഗമിച്ചു വരുന്നു.
9. മെസേസ് കിറ്റ്കോ ചുമതലയിൽ 103.86 കോടി രൂപ ചെലവഴിച്ച് ഹോസ്റ്റലുകൾ, അദ്ധ്യാപക-അനദ്ധ്യാപക ക്വാർട്ടേഴ്സ്, ആഡിറ്റോറിയം,ഇന്റേണൽ റോഡ് നിർമ്മാണം എന്നിവയുടെ പ്രവർത്തികൾ അവസാന ഘട്ടത്തിലാണ്.

**<u>സർക്കാർ മെഡിക്കൽ കോളേജ്, വയനാട്</u>**

1. മാനന്തവാടി താലൂക്കിൽ ബോയ്സ് ടൗണിൽ ഗ്ലെൻ ലെവൻ എസ്റ്റേറ്റിൽ നിന്നും സർക്കാർ ഏറ്റെടുത്തതും, നിലവിൽ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ളതുമായ 65 ഏക്കർ ഭൂമി വയനാട് സർക്കാർ മെഡിക്കൽ കോളേജിന്റെ നിർമ്മാണത്തിനായി 14/03/2022 ൽ സ. ഉ (കൈ ) നം. 55/2022/ആ.കു.വ. നമ്പർ പ്രകാരം അനുവദിച്ചിട്ടുണ്ട്.
2. എല്ലാവിധ ആധുനിക സൗകര്യങ്ങളോടും കൂടിയ 20 കിടക്കകളുള്ള അത്യാഹിത വിഭാഗം പ്രവർത്തിക്കുന്നു.
3. ഇതിനോടനുബന്ധിച്ച് ഒരു ഓപ്പറേഷൻ തിയേറ്ററും പ്രവർത്തിക്കുന്നുണ്ട്.
4. ആധുനിക സൗകര്യങ്ങളോടു കൂടിയ ഗൈനക്കോളജി വിഭാഗം പ്രത്യേക കെട്ടിട സമുച്ചയത്തിൽ സ്ഥിതി ചെയ്യുന്നു.
5. റേഡിയോളജി ബ്ലോക്കിൽ സ്റ്റാറ്റിക് X-ray യൂണിറ്റും 4 മൊബൈൽ X-ray യൂണിറ്റുകളും, Coloured Doppler സംവിധാനത്തോടു കൂടിയ ഒരു അൾട്രാ സൌണ്ട് സ്കാനറും CT സ്കാനറും പ്രവർത്തിക്കുന്നുണ്ട്.
6. 500 യൂണിറ്റ് ശേഷിയുള്ള ബ്ലഡ് ബാങ്ക് പ്രവർത്തിക്കുന്നുണ്ട്.
7. വയനാട് മാനന്തവാടി ജില്ലാ ആശുപത്രി മെഡിക്കൽ കോളേജ് ആയി ഉയർത്തിയതിനെ തുടർന്ന് വയനാട് സർക്കാർ മെഡിക്കൽ കോളേജിൽ സ.ഉ.(സാധാ) നം. 2198/2021/ആ.കു.വപ്രകാരം ആശുപത്രി വികസന സമിതി രൂപീകരിക്കുകയുണ്ടായി.

**<u>സർക്കാർ മെഡിക്കൽ കോളേജ്, കണ്ണൂർ</u>**

1. കണ്ണൂർ ഗവ. മെഡിക്കൽ കോളേജിൽ അത്യാധുനിക സൗകര്യങ്ങളോടെയുള്ള ട്രോമാകെയർ സംവിധാനം 57.69 കോടി രൂപ ചിലവിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു .

2. 29.78 കോടി രൂപ മുതൽ മുടക്കി നവീകരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

3. അതിനൂതന ചികിത്സാ സംവിധാനമായ ഇ-ഹെൽത്ത് നടപ്പിലാക്കുന്നതിന്റെ പ്രവർത്തനങ്ങൾഅതിന്റെ അന്തിമ ഘട്ടത്തിലാണ്.

4. 5.44 കോടി രൂപ ചെലവിട്ട്കാത്ത് ലാബ് സൗകര്യം നിലവിലുള്ളതിനു പുറമെ അധികമായി ഒരുക്കിയിട്ടുണ്ട്.

5. 1.74 കോടി രൂപ ചെലവിട്ട് ഡിജിറ്റൽ റേഡിയോഗ്രാഫി യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

6. 75 ലക്ഷം രൂപ ചെലവിട്ട് അതിഥി തൊഴിലാളികൾക്കായി ഒരു വാർഡും ഒരു ഐ.സിയുവും പ്രത്യേകമായി സജ്ജീകരിച്ചിട്ടുണ്ട്.

7. നിലവിലുള്ള വെൻറിലേറ്ററുകൾക്ക് പുറമെ എം.പി. എണ്ട് ഉപയോഗിച്ച് 5 വെന്റിലേറ്ററുകളും റോട്ടറി ഇന്റർനാഷണൽ വകയായി 5 വെന്റിലേറ്ററുകളും സ്ഥാപിച്ചിട്ടുണ്ട്.

8. സി.എസ്.ആർ ഫണ്ട് വഴി ഒരു കോടി രൂപ ചെലവിട്ട് (ബി.പി.സി.എൽ) 7 വെൻറിലേറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്.

9. 1.18 കോടി രൂപ ചെലവഴിച്ച് അമ്മയും കുഞ്ഞും ആരോഗ്യ പരിപാലനത്തിന്റെ ഭാഗമായി കോവിഡ് ചികിത്സയുമായി ബന്ധപ്പെട്ട് പവർഗ്രിഡ് നൽകിയിട്ടുണ്ട്.

10. സി.ഐ.ഐ. 2 വാർഡുകളിൽ പൂർണ്ണമായും ഓക്സിജൻ സപ്ലൈ ലൈനുകൾ സ്ഥാപിച്ചിട്ടുണ്ട്.

11. എൻ.എച്ച്.എം. ഫണ്ടു വഴിയായി 704 വാർഡിൽ എച്ച്.ഡി.യു യൂണിറ്റും, ഇ.സി.ആർ.പി 2 ഫണ്ടുവഴിയായി 2 കോടി രൂപ ചെലവിൽ 12 ബെഡ്ഡുകളുള്ള പി.ഐ.സി.യു സ്ഥാപിച്ചിട്ടുണ്ട്.

12. 7 ലക്ഷം രൂപ ചെലവിട്ട് ടെലിമെഡിസിനും ഇ-സഞ്ജീവനിയും സ്ഥാപിച്ചിട്ടുണ്ട്.

13. പ്രത്യേക ഇൻഫെക്ഷൻ കൺട്രോൾ യൂണിറ്റ്, മെഡിക്കൽ എഡ്യൂക്കേഷൻ യൂണിറ്റ്, കോളേജ് കൗൺസിൽ, വിവിധ അച്ചടക്ക സമിതികൾ എന്നിവ കോളേജിനകത്ത് നിലവിൽ പ്രവർത്തിക്കുന്നുണ്ട്.

**<u>സർക്കാർ മെഡിക്കൽ ,കോളേജ്, കാസർഗോഡ്</u>**

1. കാസർഗോഡ് ജില്ലയിലെ ബദിയടുക്കയിൽ പുതിയ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനായി ഭരണാനുമതി നൽകുകയും, നബാർഡിന്റെ ധനസഹായത്തോടുകൂടി 95.0875 കോടി രൂപയുടെ അടങ്കൽ തുകയിൽ ആശുപത്രി കെട്ടിടം പണിയാൻ സർക്കാർ ഭരണാനുമതി നൽകി

2. അക്കാഡമിക് ബ്ലോക്കിൽ ഒ.പി പ്രവർത്തിച്ചു വരുന്നു.ന്യൂറോളജി ഉൾപ്പടെയുള്ള ഡോക്ടർമാരുടെ സേവനം ഇവിടെ ലഭ്യമാക്കിയിട്ടുണ്ട്.

3. കാസർഗോഡ് മെഡിക്കൽ കോളേജിന്റെ കിഫ്ബി മുഖേനെയുള്ള വികസന പ്രവർത്തനങ്ങൾക്ക് 160.23 കോടിയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

4. സെൻട്രലൈസിഡ് ഓക്സിജൻ പ്ലാന്റും വെന്റിലേറ്റർ സൗകര്യങ്ങളോട് കൂടിയ ഐ.സി.യുവും സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു.

5. ഫാർമസി, ലാബ്, റേഡിയോളജി ഡിപ്പാർട്ട്മെന്റുകളും പ്രവർത്തിച്ചുവരുന്നു.

6. ആശുപത്രി ബ്ലോക്കിന്റെ നിർമ്മാണം 55% പൂർത്തിയായി.

സെക്ഷൻ ഓഫീസർ